ഹദീസ്

അബ്ദുല്ലത്വീഫ് കൊടുവള്ളി

# അറിവ് നിധിയാണ്, പ്രയോജനപ്പെടുത്തണം

عَنْ أَبِي هُرَيْرَةَ رَضِيَ اللهُ عَنْهُ قَالَ: قَالَ رَسُول الله صلى الله عليه وسلم مَثَلُ عِلْمٍ لَا يُنْتَفَعُ بِهِ كَمَثَلِ كَنْزٍ لَا يُنْفَقُ مِنْهُ فِي سَبِيلِ اللهِ

**അബൂഹുറൈറ(റ)യിൽനിന്ന് നിവേദനം. നബി(സ) പറഞ്ഞു: പ്രയോജനപ്പെടാത്ത വിജ്ഞാനം അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കപ്പെടാത്ത നിധിപോലെയാണ് (അഹ്മദ്, ദാരിമി).**

സമ്പത്ത്, ആരോഗ്യം, സ്വാധീനം മുതലായ അനുഗ്രഹങ്ങളെ പോലെയോ, അതിലുപരിയോ പ്രധാനമാണ് അറിവ്. ഒരർഥത്തിൽ എല്ലാ അനുഗ്രഹങ്ങൾക്കു പിന്നിലും അറിവ് അടിയാധാരമായി വർത്തിക്കുന്നുണ്ട്. അറിവിനെ നബി(സ) നിധിയെന്ന് വിശേഷിപ്പിച്ചതു തന്നെ അതിന്റെ മഹത്വത്തെ സൂചിപ്പിക്കുന്നു. ഏതറിവിന്റെയും മൂല്യം ഒരിക്കലും പരിഗണിക്കപ്പെടാതെ പോവരുതെന്ന് നബിവചനം നമ്മെ ഉണർത്തുന്നു.

അറിവ് പ്രയോജനപ്പെടാതെ പോവുന്നത് പ്രധാനമായും മൂന്നു രീതികളിലാണ്:

ഒന്ന്, സ്വന്തം ജീവിതത്തിൽ അറിവ് പ്രയോജനപ്പെടാതെ പോവുക. താൻ മനസ്സിലാക്കുന്ന വൈജ്ഞാനിക മൂല്യങ്ങളുടെ പ്രഥമ ഗുണഭോക്താവാകാൻ കഴിയുക എന്നതാണ് ഒരു വിജ്ഞനെ സംബന്ധിച്ചേടത്തോളം ഏറ്റവും വലിയ ഭാഗ്യം. അത് സാധ്യമാകാതെ വരുന്നത് നിർഭാഗ്യമാണ്; നാശഹേതുകവും.

രണ്ട്, പല വിഷയങ്ങളും നന്നായി പഠിച്ചു മനസ്സിലാക്കിയ ചിലരെങ്കിലും മറ്റുള്ളവർക്ക് പകർന്നുകൊടുക്കാൻ വേണ്ടയളവിൽ സ്വയം തയാറാവാതെ മരിച്ചുപോകുന്ന സംഭവങ്ങളുണ്ടാവാറുണ്ട്. ചിലരൊക്കെ അതത് വിഷയങ്ങളിലെ അതോറിറ്റികളുമായിരിക്കും. അവരുടെ മരണത്തോടെ അവരുടെ വിവരങ്ങളത്രയും അവരോടൊപ്പം കുഴിച്ചുമൂടപ്പെടുന്നു. ഏതു വിജ്ഞാനവും പൊതുസ്വത്തായതുകൊണ്ട്, ഇത് സമൂഹത്തിനുണ്ടാക്കുന്ന നഷ്ടം ചില്ലറയല്ല. ഇങ്ങനെ മരിച്ചുപോയ ചിലരെപ്പറ്റിയെല്ലാം ദശകങ്ങൾ കഴിഞ്ഞും ആളുകൾ നൊമ്പരപ്പെടുന്നത് നമുക്ക് കാണാം.

മൂന്ന്, അറിവുള്ളവരെ കണ്ടെത്തി ഉപയോഗപ്പെടുത്താൻ ജനങ്ങൾ, വിശിഷ്യാ നേതൃത്വങ്ങൾ ശുഷ്കാന്തി കാണിക്കാത്തതിനാൽ നിരുപയോഗമായിത്തീർന്ന അറിവുറവകൾ ധാരാളമാണ്. 'കണ്ട നീ അവിടെ നിൽക്ക്, കേട്ട അവൻ പറയട്ടെ' എന്ന മട്ടിൽ, അതത് വിഷയങ്ങളിൽ അറിവുള്ളവരെ മാറ്റിനിർത്തി, വേണ്ടയളവിൽ അറിവില്ലാത്തവരെ സംപൂജ്യരായി എഴുന്നള്ളിക്കുന്ന പ്രവണതയും ഇപ്പോൾ വർധിച്ചുവരുന്നുണ്ട്. ഇസ്‌ലാമിക വൈജ്ഞാനിക പ്രവർത്തനങ്ങളിൽ അറബി ഭാഷാജ്ഞാനം അനിവാര്യമായിരിക്കെ, അതില്ലാത്തവരെ പ്രസംഗം, ഖുത്വ്ബ, അധ്യാപനം പോലുള്ളവക്ക് പരിഗണിക്കുന്നത് വ്യാപകമല്ലെങ്കിലും ഒരു രീതിയായി സ്വീകരിക്കപ്പെടുന്നുണ്ട്. വാഗ്‌വിലാസത്തേക്കാൾ, അവതരിപ്പിക്കുന്ന വിഷയത്തെക്കുറിച്ച അവതാരകന്റെ അറിവിന്റെ ആധികാരികതക്കും പ്രാമാണികതക്കുമാവണം മുൻതൂക്കം നൽകുന്നത്.

മുകളിൽ പറഞ്ഞ മൂന്നു രീതികളിലും, വിനിയോഗിക്കപ്പെടാത്ത നിധിപോലെ, അറിവ് നിരുപയോഗമായിത്തീരും. അറിവിന്റെ വിതരണത്തിൽ, അറിവുള്ളവർക്കും അത് ഉപയോഗപ്പെടുത്തേണ്ടവർക്കും ഒരുപോലെ പങ്കുണ്ടെന്നു സാരം. ●